**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2027** **21-06-2024 - ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | തീരദേശ പരിപാലന നിയമത്തിന്റെ കുരുക്കിൽപ്പെട്ട് മഞ്ചേശ്വരം, മംഗൽപാടി, കുമ്പള പഞ്ചായത്തുകളിൽ നിരവധി വീടുകൾക്ക് കെട്ടിട നമ്പർ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സി.ആർ.ഇസഡ് മേഖലയിൽ നടക്കുന്ന കെട്ടിട നിർമ്മാണങ്ങൾക്ക് തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ആവശ്യമാണ്. തീരദേശത്തെ നിലവിലെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് സി.ആർ.ഇസഡ് വിജ്ഞാപനം 2011 ലെ വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പഞ്ചായത്തുകൾ സി.ആർ.ഇസഡ്.ന്റെ ഏത് മേഖലകളിലാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, മംഗൽപാടി, കുമ്പള പഞ്ചായത്തുകൾ സി.ആർ.ഇസഡ് III മേഖലയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. നിലവിലെ തീരദേശ പരിപാലന വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം സി.ആർ.ഇസഡ് III മേഖലയിൽ കടലിന്റെ വേലിയേറ്റരേഖയിൽ നിന്നും 200 മീറ്റർ ദൂരപരിധിവരെയും, കായലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്റർ ദൂരപരിധിവരെയും വികസന നിഷിദ്ധ മേഖലയായി നിശ്ചയിച്ചിട്ടുണ്ട്. |
| (സി) | തീരദേശ പ്ലാൻ സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (സി) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരം സംസ്ഥാനത്ത് കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി പത്ത് തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് പൂർത്തീകരിച്ചു. തുടർന്ന് പബ്ലിക് ഹിയറിംഗിൽ ലഭിച്ച പരാതികളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് ആവശ്യമായ മാറ്റങ്ങൾ കരട് പ്ലാനിൽ വരുത്തുന്നതിനായി നാഷണൽ സെന്റർ ഫോർ സസ്റ്റൈയിനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) ന് 07.02.2024 ന് കൈമാറി. സംസ്ഥാനം സ്വീകരിക്കേണ്ട എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചാണ് നാഷണൽ സെന്റർ ഫോർ സസ്റ്റൈയിനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM)-ന് നൽകിയിട്ടുള്ളത്. തുടർന്ന് NCSCM നിർദ്ദേശിച്ച പ്രകാരമുള്ള ഭേദഗതികളും, അധിക വിവരങ്ങളും കരട് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | NCSCM ലെ നടപടികൾ പൂർത്തിയായതിനു ശേഷം കരട് പ്ലാൻ കേരള തീരദേശ പരിപാലന അതോറിറ്റിയുടെയും സംസ്ഥാന സർക്കാരിന്റെയും അനുമതിക്കു വിധേയമായി കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന് അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. കരട് പ്ലാനിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് CRZ വിജ്ഞാപനം 2019 -ലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നിലവിൽ വരുന്നതാണ്. |
| (ഡി) | തീരദേശ നിയമത്തിലെ കൂടുതൽ ഇളവുകൾ ഉള്ള കാറ്റഗറിയിലേക്ക് മഞ്ചേശ്വരം, മംഗൽപാടി, കുമ്പള എന്നീ പഞ്ചായത്തുകളെ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | മഞ്ചേശ്വരം, മംഗൽപാടി, കുമ്പള എന്നിവയുൾപ്പെടെയുള്ള 175 കോസ്റ്റൽ പഞ്ചായത്തുകളെ CRZ III യിൽ നിന്നും CRZ II കാറ്റഗറിയായി തരം മാറ്റുന്നതിനുള്ള അനുവാദം ലഭ്യമാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ CRZ III യിൽ നിന്നും CRZ II ലേയ്ക്ക് തരം തിരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച 66 ഗ്രാമപഞ്ചായത്തുകളിൽ ഈ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയില്ല. |

സെക്ഷൻ ഓഫീസർ